ഓംബുഡ്സ്മാന് ലഭിച്ച പരാതികൾ

9 (*532) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓംബുഡ്സ്മാനിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു ;

(ബി) എത്രയെണ്ണം തീർപ്പാക്കി ;

(സി) ഏകാംഗ ഓംബുഡ്സ്മാന് ഒരു പരാതി തീർപ്പാക്കാൻ ശരാശരി എത്രകാലം വേണ്ടി വരുന്നുണ്ട് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാന ഓംബുഡ്സ്മാനിൽ 05-07-2003 വരെ 5215 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 3881 കേസുകൾ തീർപ്പാക്കി.

(സി) 14 മാസം കൊണ്ട് 3881 കേസുകൾ തീർപ്പാക്കി.

പാൻമസാലയുടെ ഉപയോഗം കർശനമായി തടയാൻ നടപടി

10 (*533) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കിടയിൽ പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്ന പാൻമസാലയുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിന് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ലഹരി പാർത്ഥങ്ങളുടെ ഉപയോഗം നിരുത്സാഹപെടുത്തുന്നതിന് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly